പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.*415 — 20-03-2018 ൽ മറുപടിയ്ക്ക്

## ഹജ്ജ് തീർത്ഥാടനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ് | ഡോ.കെ.ടി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിൽ നിന്നും പോകുന്ന ഹജ്ജ് തീർത്ഥാടകർക്ക് എന്തൊക്കെ സംവിധാനങ്ങളാണ് സംസ്ഥാനസർക്കാർ ഒരുക്കി ക്കൊടുക്കുന്നത്; വിശദമാക്കുമോ; | എ) ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെ എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാർ ഭാഗത്ത് നിന്നും നൽകുന്നുണ്ട്. ഹജ്ജ് അപേക്ഷകൾ ഓൺലൈൻ വഴി ചെയ്യുന്നതിന് സർക്കാറിന്റെ കീഴിലുള്ള അക്ഷയ കേന്ദ്രങ്ങൾ വഴി സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഹജ്ജ് യാത്ര പുറപ്പെടുന്നതിന് മുമ്പായി ഹാജിമാർക്ക് മൂന്ന് ഘട്ടങ്ങളിലായി പരിശീലനങ്ങൾ നൽകുന്നതിന് സർക്കാർ സംവിധാന ങ്ങളിലുള്ള ഓഡിറ്റോറിയങ്ങളും കോൺഫറൻസ് ഹാളുകളും സൗജന്യ മായും കുറഞ്ഞ നിരക്കിലും നൽകാറുണ്ട്. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ സർക്കാർ ആശുപത്രികളിലും നിന്നും ഹജ്ജ് തീർത്ഥാടകർക്ക് ഓറൽ പോളി വാക്സിനേഷനും, പ്രതിരോധ കുത്തിവെപ്പും ആരോഗ്യപരിപാലന ത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വിദഗ്ധ ഡോക്ടർമാരുടെയും നിർദ്ദേശ ങ്ങളും നൽകുന്നുണ്ട്.<br>ക്യാമ്പിന്റെ സുഗമമായ പ്രവർത്തന ത്തിനും വിവിധ വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനും, ക്യാമ്പിലെ ഹജ്ജ് സെല്ലിലേക്ക് ആവശ്യമായ സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്യുന്നു. |

| | | |
|---|---|---|
| | | കൂടാതെ ഹജ്ജ് യാത്രാ വേളയിൽ ഹാജിമാരെ സൗദി അറേബ്യയിൽ സഹായിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ മുസ്ലിം സമുദായത്തിലെ ജീവനക്കാരിൽ നിന്ന് ഹജ്ജ് വോളണ്ടിയർമാരായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അയക്കാറുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ദൈനം ദിന പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റ് ഇൻ എയ്ഡും അനുവദിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ ഹജ്ജ് കമ്മിറ്റിയാണ് തീർത്ഥാടകർക്കായുള്ള ഹജ്ജ് പരിശീലന ക്ലാസും ഹജ്ജ് ക്യാമ്പും നടത്തി വരുന്നത്. |
| ബി) | കേരളത്തിൽ നിന്നും ഓരോ വർഷവും കൂടുതൽപേരെ ഹജ്ജ് തീർത്ഥാടനത്തിന് അയയ്ക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | ബി) നിലവിൽ ഹജ്ജ് ക്വാട്ട സംസ്ഥാനങ്ങൾക്ക് വീതിക്കുന്നത് മുസ്ലിം ജനസംഖ്യാനുപാതികമായിട്ടാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റിയും കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയവുമാണ് ഇക്കാര്യങ്ങൾ തീരുമാനിക്കുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന സംസ്ഥാനമായ കേരളത്തിന് അപേക്ഷകളുടെ എണ്ണം അടിസ്ഥാനമാക്കി ക്വാട്ട വീതം വെക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ